# Telephone Conversation between PM and Prime Minister of Spain

April 04, 2020

---

## സ്പെയിനിലെ പ്രധാനമന്ത്രിയുമായി ഇന്ത്യൻ പ്രധാനമന്ത്രി നടത്തിയ ടെലിഫോൺ സംഭാഷണം

ഏപ്രിൽ 04, 2020

പ്രധാന മന്ത്രി ശ്രീ നരേന്ദ്ര മോഡി സ്പെയിനിലെ പ്രസിഡന്റ് ഓഫ് ഗവൺമെൻറ്റ് (പ്രധാനമന്ത്രിയ്ക്ക് തുല്യം) പെഡ്രോ സാഞ്ചസ് പെരസ്-കാസ്റ്റെജോണുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി. കോവിഡ്-19 പകർച്ചവ്യാധി മൂലമുള്ള ആഗോളപ്രതിസന്ധികളെക്കുറിച്ച് ഇരു നേതാക്കളും ചർച്ച ചെയ്തു.

സ്പെയിനിൽ സംഭവിച്ച ജീവഹാനിയ്ക്ക് പ്രധാനമന്ത്രി അനുശോചനങ്ങൾ അറിയിച്ചു കൂടാതെ ഇപ്പോഴും രോഗം മൂലം ബുദ്ധിമുട്ടുന്നവർക്കു വേണ്ടി വേഗത്തിൽ അസുഖം ഭേദമാകുന്നതിന് പ്രാർത്ഥിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യ ഉചിതമായ രീതിയിലുള്ള സ്പാനിഷ് പ്രവർത്തനങ്ങൾക്ക് ഐക്യ ദാർഢ്യം നൽകുന്നുവെന്നും കഴിയാവുന്ന രീതിയിൽ മികച്ച പിന്തുണ നൽകാൻ തയാറാണെന്നും പ്രധാനമന്ത്രി സ്പാനിഷ് ഉദ്യോഗസ്ഥർക്ക് ഉറപ്പു നൽകി.

ആഗോള ആരോഗ്യ പ്രതിസന്ധിയോട് എതിരിടുന്നതിന് അന്താരാഷ്ട്ര സഹകരണം പ്രധാനമാണെന്ന് രണ്ടു നേതാക്കളും സമ്മതിച്ചു. കോവിഡിന് ശേഷമുള്ള ലോകത്തിനായി മാനവികത കേന്ദ്രീകരിച്ചുള്ള ആഗോളീകരണമാണ് ആവശ്യമെന്നു പ്രധാനമന്ത്രിയുടെ നിരീക്ഷണത്തോട് സ്പാനിഷ് പ്രധാന മന്ത്രി സമ്മതിച്ചു.

പകർച്ച വ്യാധി മൂലം വീട്ടിൽ തന്നെ തുടരുന്നവർക്ക് ശാരീരികവും മാനസികവുമായ ഉറപ്പാക്കുന്നതിന് യോഗാഭ്യാസവും പരമ്പരാഗത ആയുർവേദ മരുന്നുകളും എളുപ്പത്തിൽ വഴിയൊരുക്കുന്നുവെന്നു രണ്ടു നേതാക്കളും സമ്മതിച്ചു.

കോവിഡ് -19 സാഹചര്യം അതിൽ നിന്നുണ്ടാകുന്ന പ്രതിസന്ധികൾ എന്നിവ സംബന്ധിച്ച് തങ്ങളുടെ ടീമുകൾ സ്ഥിരമായ സമ്പർക്കം തുടരുമെന്നും അവർ സമ്മതിച്ചു.

**ന്യൂ ഡൽഹി**
**04 ഏപ്രിൽ, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.